**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 503** **17-03-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ സംരംഭകത്വം വ്യാപകമാക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയില്ലുള്ള ഇടപെടലിന് പുറമെ വ്യവസായ, വ്യാപാര, സേവന മേഖലകളില്ലുള്ള നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്ത പ്രകാരം സഹകരണ സംരംഭകത്വം വ്യാപകമാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കാർഷികോത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കൽ, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണമേഖലയുടെ നൂതന പദ്ധതി.<br><br>ടി പദ്ധതിയിൽ 7 ഉപ ഘടകങ്ങൾ ഉൾപ്പെടുന്നു. ടി പദ്ധതിയിലെ ഉപഘടകങ്ങളിലൊന്നാണ് **"മൂല്യവർദ്ധനയ്ക്കായുള്ള സഹകരണ സംരംഭകത്വവും സ്റ്റാർട്ടപ്പുകളും".** സഹകരണ മേഖലയിലെ മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നിവയുൾപ്പെടെ കൃഷിയുടെയും കാർഷിക അനുബന്ധ ഉൽപന്നങ്ങളുടെയും മൂല്യവർദ്ധനയ്ക്കായി ഓരോ ജില്ലയിലും സഹകരണ സംഘങ്ങളുടെ (സഹകരണ സംരംഭകത്വം) /സ്റ്റാർട്ടപ്പുകളുടെ മൂല്യവർദ്ധിത ക്ലസ്റ്ററുകൾ വികസിപ്പിക്കുക/ സജ്ജീകരിക്കുക എന്നതാണ് ഈ ഉപപദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കൃഷി-അനുബന്ധ ഉൽപ്പന്നങ്ങളും അടിസ്ഥാനമാക്കിയാണ് ക്ലസ്റ്ററുകൾ രൂപീകരിക്കുക. കൃഷിയുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും മൂല്യവർദ്ധന, സംസ്കരണം, വിപണനം എന്നീ വിഭാഗങ്ങളിലായി ക്ലസ്റ്ററുകൾ പ്രവർത്തിക്കുകയും മൂല്യവർദ്ധിത യൂണിറ്റുകൾ സ്ഥാപിച്ച് അവയെ വ്യവസായങ്ങളുമായി ബന്ധപെടുത്തി കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും സഹകരണ സംഘങ്ങളെ സന്നദ്ധരാക്കാൻ ടി പദ്ധതിയിലൂടെ സാധിക്കുന്നു.<br><br>ഉത്പാദന സേവന മേഖലകൾക്ക് പ്രയോജനം ലഭിക്കുന്നതിനുള്ള KB സുവിധ (MSME), KBസുവിധ പ്ലസ് (MSME), KBGST മിത്ര |

| | | | |
|---|---|---|---|
| | | | ((MSME), KB മിത്ര (MSME), KBയുവ മിത്ര ((MSME), KBസ്മാർട്ട് ((MSME), KBപ്രവാസി കിരൺ ((MSME), KB പ്രവാസി ഭദ്രത ((MSME), KBഭക്ഷ്യസംസ്കരണ സൂക്ഷ്മ വ്യവസായ സംരംഭ മേഖല (MSME), KBനവജീവൻ (MSME), KBവനിത പ്ലസ് ബിസിനസ് വായ്പ (MSME) എന്നീ MSME വായ്പകളാണ് കേരളബാങ്ക് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.<br><br>സംരംഭകത്വം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി Micro, Small, Medium സംഘങ്ങൾക്ക് ലോൺ നൽകുന്ന പദ്ധതി പ്രാഥമിക സംഘങ്ങളിലൂടെ നടപ്പാക്കുന്നതാണ്.<br><br>കൂടാതെ വനിത സംഘങ്ങൾളെ ഉത്പാദന യൂണിറ്റുകളാക്കുന്നതിനുള്ള പദ്ധതി വ്യവസായ വകുപ്പുമായി ചേർന്ന് നടപ്പാക്കുന്നതാണ്. |
| (ബി) | വ്യവസായ വകുപ്പിന്റെ സഹായത്തോടെ തൊള്ളായിരത്തി അൻപത് വനിതാ വ്യവസായ സഹകരണ സംഘങ്ങളെ വ്യവസായ സംരംഭങ്ങളാക്കി മാറ്റാൻ ഉദ്ദേശ്യമുണ്ടോ; വിശദമാക്കുമോ; | (ബി) | കേരളത്തിലെ വനിത സംഘങ്ങളെ കാര്യക്ഷമവും പ്രവർത്തന മികവുള്ള സംരംഭകരാക്കുക എന്നതുമായി ബന്ധപ്പെട്ട് സഹകരണവകുപ്പ് വ്യവസായ വകുപ്പുമായി ചേർന്ന് പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് എല്ലാ ജില്ലകളിലും സഹകരണ മേഖലയിൽ വ്യവസായ പാർക്ക് രൂപീകരിക്കാൻ നടപടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് എല്ലാ ജില്ലകളിലും സഹകരണ മേഖലയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ